# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.243 — 15.12.2015-ൽ മറുപടിക്ക്

## രജിസ്ട്രേഷൻ വഴിയുള്ള വരുമാനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി.കൃഷ്ണൻ**<br>**ശ്രീ.പി.കെ.ഗുരുദാസൻ**<br>**ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)**<br>**ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ** | **ശ്രീ.അനൂപ് ജേക്കബ്**<br>**(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) രജിസ്ട്രേഷൻ വഴിയുള്ള വരുമാനം ഗണ്യമായി കുറഞ്ഞിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) 2011-12 സാമ്പത്തിക വർഷത്തെ വരുമാനം അടിസ്ഥാനമാക്കി പരിശോധിക്കുമ്പോൾ വരുമാനത്തിൽ തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ കുറവ് വന്നിട്ടുണ്ട്. എന്നാൽ 2014-15 സാമ്പത്തിക വർഷം മുൻ സാമ്പത്തിക വർഷത്തേക്കാൾ വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുമുണ്ട്. |
| ബി) ഇത്തരത്തിൽ കുറവ് വരാൻ ഇടയായ സാഹചര്യം എന്തായിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ ; | ബി) പരിശോധിച്ചിട്ടുണ്ട്. വരുമാനം കുറഞ്ഞതിന് പ്രധാന കാരണം ആധാരങ്ങളുടെ എണ്ണത്തിലുണ്ടായ കുറവാണ്. |
| സി) ആയതിന് പരിഹാരമായി കൈമാറ്റം ചെയ്യുന്ന വസ്തുവിലുള്ള കെട്ടിടത്തിന് ധാരണാവില ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇതുവഴി ഉണ്ടാകുന്ന വരുമാന വർദ്ധനവ് വിശദമാക്കാമോ ; | സി) കെട്ടിടത്തിനുള്ള ധാരണാവില നാളിതുവരെ നിശ്ചയിക്കപ്പെട്ടിട്ടില്ല. |
| ഡി) പ്രസ്തുത തീരുമാനം വഴി ഉണ്ടാകുന്ന നികുതി ഭാരം കണക്കിലെടുത്തിട്ടുണ്ടോ; വിശദമാക്കാമോ ? | ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ